# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1602** **08.06.2018 ൽ മറുപടിയ്ക്ക്**

## പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമിട്ട് തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിനെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ചതിലൂടെ എന്തെല്ലാം പദ്ധതികളാണ് കൃഷിവകുപ്പ് അവിടെ നടപ്പിലാക്കിവരുന്നത്; | എ) 19/02/2018- ലെ സർക്കാർ ഉത്തരവ് (എം.എസ്) 22/2018/എ.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം പച്ചക്കറിയുടെ പ്രത്യേക കാർഷിക വികസന മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ മേഖലയ്ക്ക് 2018-19- ൽ 20 ലക്ഷം രൂപ വികസനത്തിനായി നൽകിയിട്ടുണ്ട്. പ്രസ്തുത തുക അടിസ്ഥാന സൗകര്യ വികസനത്തിനും, ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗിനുമാണ്. ആയത് ചുവടെ ചേർക്കുന്നു.<br>1. ഫാം മെക്കനൈസേഷൻ- ഗ്രൂപ്പുകൾക്ക് (സ്പ്രേയറുകൾ, ഡസ്റ്ററുകൾ, വീഡ് കട്ടറുകൾ, മിനിട്രാക്ടർ, വീൽബാരോ എന്നിവ വാങ്ങുന്നതിന്) - 15 ലക്ഷം രൂപ.<br>2. പച്ചക്കറികളുടെ പാക്കിംഗ്, ലേബലിംഗ്, റീടെയിൽ മാർക്കറ്റിംഗ് എന്നിവയ്ക്കായി- 5 ലക്ഷം രൂപ.<br>പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ? | ബി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയായ സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

സമഗ്ര പച്ചക്കറി കൃഷി 2018-19 വർഷം 80 കോടി രൂപയാണ് പച്ചക്കറി കൃഷിക്ക് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകളുടെയും റസിഡൻസ് അസോസിയേഷനുകളുടെയും അംഗങ്ങൾ, കർഷകർ എന്നിവർ ഈ പദ്ധതിയുടെ വിജയത്തിൽ പങ്കാളികളാകും. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പച്ചക്കറി കൃഷിയ്ക്കായി പരിശീലനം, ബോധവത്കരണം, പ്രചരണം, ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം, അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം, എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, ബ്ലോക്ക്തല നഴ്സറികളുടെ വികസനം, മഴമറകൾ സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും, തരിശു നില കൃഷിക്ക് ധനസഹായം, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ കൾ മുഖേന പച്ചക്കറി വിത്ത് നൽകൽ എന്നീ ഘടകങ്ങളാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കുന്നത്.

മട്ടുപ്പാവ് കൃഷി എന്ന ഘടകമായി ഉൾപ്പെടുത്തി വിവിധ പച്ചക്കറി വിത്തുകൾ മുളപ്പിച്ച ഗ്രോബാഗ് യൂണിറ്റുകൾ നൽകുന്നുണ്ട്. കൂടാതെ ഓണത്തിന് ഒരു മുറം പച്ചക്കറി, സീറോ എനർജി കൂൾ ചേമ്പർ, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം പ്രോത്സാഹിപ്പിക്കൽ, ബഹുവർഷി പച്ചക്കറി കൃഷി പ്രോത്സാഹനം, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ വഴി മാലിന്യ നിർമ്മാർജ്ജനം, മിനിപോളീഹൗസ് നിർമ്മാണം എന്നിവ 2018-19-ൽ പദ്ധതി ഘടകങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ വഴിയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**